പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5834 — 27.10.2011 ൽ മറുപടിക്ക്

## കൃഷിഭവനുകളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷി വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തന മാതൃകയിൽ കൃഷിഭവനുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കൃഷിവകുപ്പിന്റെ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിനായി സ്ഥാപിക്കപ്പെട്ട ഓഫീസാണ് കൃഷിഭവൻ. കൃഷിയും, വികസന പദ്ധതികളുടെ നടത്തിപ്പും വിജ്ഞാന വ്യാപനവുമാണ് പ്രധാന പ്രവർത്തനങ്ങൾ. എന്നാൽ പഞ്ചായത്തുകളുടെ പ്രവർത്തന മാതൃകയിൽ കൃഷിഭവനുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) കാർഷിക വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത് ; | (ബി) കാർഷിക വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ കാർഷിക പങ്കാളിത്തത്തോടെയും സുതാര്യതയോടെയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പഞ്ചായത്തുകളിലെ പോലെ കർഷകർക്കുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കൃഷിഭവനുകളെ സജ്ജമാക്കുമോ ; | (സി) നിലവിൽ കർഷകർക്കുള്ള വിവിധ ആനുകൂല്യങ്ങൾ ഉല്പാദനോപാധികളായും, നേരിട്ട് കർഷകർക്കു ധനസഹായമായും, കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയും ആണ് വിതരണം ചെയ്തു വരുന്നത്. |
| (ഡി) ജനങ്ങൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് നേതൃത്വം നൽകാൻ കഴിയുന്ന രീതിയിൽ കൃഷി ഭവനുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) വിവിധ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള കാർഷിക വികസന പദ്ധതികൾ എന്നിവ കൃഷിഭവൻ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ